**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **28-06-2022 - ൽ മറുപടിയ്ക്ക്**

**അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സെന്റർ ഫോർ മാനേജ്മെൻറ് ആന്റ് ഡെവലപ്മെൻറ് മുഖേന എത്ര പേരെ അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; സി.എം.ഡി. വഴിയുള്ള കരാർ അവസാനിപ്പിച്ച് അനെർട്ട് എത്ര പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; നിയമനം നേടിയവരുടെ പേര് ,ശമ്പളം എന്നിവ സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; | (എ) | സെന്റർ ഫോർ മാനേജ്മെൻറ് ആന്റ് ഡെവലപ്മെൻറ് മുഖേന 12 പേരെ അനെർട്ടിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഇവരിൽ 7 പേർ ഇപ്പോഴും തുടരുന്നു. സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് മുഖേന നിയമിച്ചവരിൽ നിലവിൽ തുടരുന്ന 7 പേരുടെ പട്ടിക ചുവടെ ചേർക്കുന്നു.<br><br>ശ്രീ. അനീഷ് മോൻ. എ., ശമ്പളം - 21,798/- രൂപ<br><br>കുമാരി. ഗീതു. ജി . ശമ്പളം - 23,044/-<br><br>ശ്രീമതി. രാധിക. ജെ. എം, ശമ്പളം - 40,600/-<br><br>ശ്രീ. വിനയ്. പി, ശമ്പളം - 45,325/-<br><br>ശ്രീ. ബന്ദീഷ്. പി, ശമ്പളം – 52,200/-<br><br>ശ്രീ. കൃഷ്ണകുമാർ. സി, ശമ്പളം – 58,750/-<br><br>ഡോ. ശ്രീന വല്ലഭൻ, ശമ്പളം – 59,750/- |
| (ബി) | അനെർട്ടിൽ സി.എം.ഡി. വഴി നിയമിച്ചവരെ പിരിച്ച് വിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ച എംപ്ലോയ്മെൻറ് ഡയറക്ടേറ്റിൽ നിന്നും എത്ര കത്തുകൾ ഇതുവരെയായി ലഭിച്ചു; പ്രസ്തുത കത്തുകൾ ലഭിച്ച വിവരം അനെർട്ട്, സർക്കാരിനെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയെയോ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേലുള്ള തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അനെർട്ടിൽ സി.എം.ഡി. വഴി നിയമിച്ചവരെ പിരിച്ചു വിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശിച്ച് ജില്ലാ എംപ്ലോയ്മെൻറ് ഓഫീസറിൽ നിന്നും മൂന്ന് കത്തുകൾ ഇതുവരെയായി ലഭിച്ചു. ഇത് സംബന്ധിച്ച വിശദീകരണം ജില്ലാ എംപ്ലോയ്മെൻറ് ഓഫീസറെ അറിയിച്ചിട്ടുള്ളതാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്ന് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന പുതിയതായി നിയമിച്ചിട്ടുണ്ട്. കൂടാതെ അഞ്ച് പ്രോജക്ട് എഞ്ചിനീയർമാരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകൾ ലഭിച്ച വിവരം സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (സി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റാറ്റസ് കോ ഉത്തരവ് നിലനിൽക്കെ തന്നെ എത്രപേർക്ക് കരാർ പുതുക്കി നൽകിയിട്ടുണ്ട്; കരാറിൽ ഉൾപ്പെട്ടവർക്ക് ശമ്പള വർദ്ധനവും ശമ്പള കുടിശ്ശികയും നൽകിയിട്ടുണ്ടോ; കരാർ പുതുക്കലിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടോ; എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ എംപ്ലോയ്മെൻറ് ഡയറക്ടറേറ്റിൽ നിന്നും സമർപ്പിച്ച ഈസി നോട്ട് പകർപ്പ് ലഭ്യമാക്കുമോ; | (സി) | സെന്റർ ഫോർ മാനേജ്മെൻറ് ആന്റ് ഡെവലപ്മെൻറ് മുഖേന നിയമിച്ചവരിൽ നിലവിൽ തുടരുന്ന 7 പേർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം പെർഫോർമൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ കരാർ കാലാവധി നീട്ടി നൽകുകയും, വാർഷിക ശമ്പള വർദ്ധനവും ശമ്പള കുടിശ്ശികയും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചെയർമാനും, ഡയറക്ടർ (ഫിനാൻസ്, കെ.എസ്.ഇ.ബി.എൽ.), ഡയറക്ടർ (എനർജി മാനേജ്മെന്റ് സെന്റർ), ഡയറക്ടർ (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളുമായി രൂപികരിച്ച പെർഫോർമൻസ് ഇവാല്യുവേഷൻ കമ്മിറ്റിയാണ് കരാർ ജീവനക്കാരുടെ പെർഫോർമൻസ് പരിശോധന നടത്തിയത്.<br><br>എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ എംപ്ലോയ്മെൻറ് ഡയറക്ടറേറ്റിൽ നിന്നും ഈസി നോട്ട് സമർപ്പിച്ചിട്ടില്ല. |
| (ഡി) | മൂന്ന് വർഷത്തിൽ കൂടുതലുള്ള കരാർ ജീവനക്കാരുടെ സേവനം പുതുക്കി നൽകുന്നതിന് സർക്കാർ അംഗീകാരം വേണമെന്നുള്ള നിബന്ധന അനെർട്ടിൽ പാലിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ നിയമനങ്ങൾ നിയമാനുസൃതമല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ